പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 1074

20/03/2012-ൽ മറുപടി
നല്കേണ്ടത്

## ഭവനരഹിതർക്ക് ഭൂമിനൽകൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഭവനരഹിതരായിട്ടുള്ളവർക്ക് വീടു നിർമ്മിക്കുവാൻ ഭൂമി നൽകുന്നതിന് ഗവണ്മെന്റ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) 2015 ആകുമ്പോഴേക്കും കേരളസംസ്ഥാനത്തിനെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോട് കൂടി സംസ്ഥാനത്തെ മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും വീടു നിർമ്മിക്കുവാൻ ഭൂമി നല്കുന്നതിന് Zero landless (citizens) Kerala 2015 എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതി എന്നത്തേയ്ക്കു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കുമോ? | (ബി) ഈ പദ്ധതി 2015- ൽ പൂർത്തിയാക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയുടെ പ്രാരംഭ നടപടിയായി സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരുടെയും വിവരം ശേഖരിക്കുന്നതിന് അപേക്ഷാ ഫാറങ്ങളുടെ വിതരണം, വില്ലേജാഫീസുകൾ മുഖേന 09/03/2012ന് ആരംഭിച്ചിട്ടുള്ളതാണ്. കൂടുതൽ വിവരങ്ങൾ www.zerolandlesskerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ